# കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ജെൻഡർ ബജറ്റ് 2022-2023

### ആമുഖം

ബഹുമാന്യരേ,

കേരള സംസ്ഥാനം ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി നിറവിൽ നിൽക്കുന്ന വേളയിൽ കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ കൂടി വിലയിരുത്തിക്കൊണ്ടും, പാർശ്വവത്കൃത സമൂഹത്തിന് തുല്യനീതി ലക്ഷ്യം വച്ചുകൊണ്ടും കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് "ജെൻഡർ ബഡ്ജറ്റായി" വളരെ ചാരിതാർത്ഥ്യത്തോടെയാണ് നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തേക്ക് അവതരിപ്പിക്കുന്ന ആദ്യ ബഡ്ജറ്റ് എന്ന പ്രത്യേകത കൂടി ഈ വർഷത്തെ ബഡ്ജറ്റിനുണ്ട്. ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ നേട്ടങ്ങൾ അവസ്ഥാ വിശകലനം നടത്തി അടുത്ത അഞ്ച് വർഷക്കാലത്തേക്ക് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്ന വികസന ലക്ഷ്യങ്ങൾകൂടി നയസമീപനത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

വാർഷിക ബഡ്ജറ്റ് ജൻഡർ അധിഷ്ഠിതമായി അവതരിപ്പിക്കുന്നതിലൂടെ സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയ പാർശ്വവത്കൃത സമൂഹത്തെ പ്രത്യേകമായി കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള ഉദാത്ത സമീപനമാണ് കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുന്നത്. സാമൂഹ്യ നീതിയിലധിഷ്ഠിതമായ അവസ്ഥാ വിശകലനവും, നൂതന പദ്ധതികളും ഇതിന്റെ ഭാഗമായി നടപ്പാക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാടിലെമ്പാടും ദുർബല

വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക എന്നതാണ് ജൻഡർ ബഡ്ജറ്റുകളിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

നവകേരള സൃഷ്ടിക്കായി സംസ്ഥാന സർക്കാർ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയ ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ 4 വികസന മിഷനുകളുടെ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടമായി പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിലും തുടരേണ്ടതുണ്ട്. പൂർത്തീകരിക്കുവാൻ സാധിക്കാത്തതും, വേണ്ടത്ര പ്രവർത്തന ലക്ഷ്യം കൈവരിക്കാത്തതുമായ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലേക്കെത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധയും നൽകിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ അർഹതാ നിർണ്ണയം എന്ന ആശയം ഉൾക്കൊണ്ട് നടത്തിയ അതിദരിദ്ര സർവ്വേയിലൂടെ ബ്ലോക്കടിസ്ഥാനത്തിൽ കണ്ടെത്തിയ 413 കുടുബങ്ങൾക്കുള്ള മൈക്രോ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്.

കോവിഡ് - 19 മഹാമാരി സമൂഹത്തിന്റെ നാനാതുറകളിലുമുണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും, ദുരന്ത നിവാരണത്തിനുള്ള പ്രത്യേക പദ്ധതികളും ഈ അവസരത്തിൽ പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം, തൊഴിൽ ലഭ്യത, ഉറവിട മാലിന്യ സംസ്കരണം, വിവര വ്യാപനം, നൈപുണ്യ വികസനം എന്നീ മേഖലകളിൽ പ്രത്യക ശ്രദ്ധ നൽകുന്നതിനാണ് കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ലക്ഷ്യം വയ്ക്കുന്നത്.

തനതു ഫണ്ട് തീർത്തും കുറവുള്ള നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രധാന വിഭവ സമാഹരണം കാലാകാലങ്ങളിൽ അനുവദിച്ചു കിട്ടുന്ന പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാ ഗാന്ധി തൊഴിലുറപ്പു പദ്ധതി, പി.എം.കെ.എസ്.വൈ, നബാർഡ് സഹായം, മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ എന്നിവയാണ്. പരമാവധി പദ്ധതി സംയോജനത്തിലൂടെയുള്ള വിഭവ സമാഹരണമാണ് പ്രതീക്ഷിക്കുന്നത്. വിവിധ

സന്നദ്ധ സംഘടനകൾ, സ്റ്റേക്ക് ഹോൾഡർമാർ, സുമനസ്സുകൾ എന്നിവരിൽ നിന്നുള്ള സംഭാവനകളും അതിനനുസൃതമായ പദ്ധതി ചെലവും പ്രതീക്ഷിത വരവു ചെലവായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന് **48,16,21,250**(നാൽപ്പത്തി എട്ടു കോടി പതിനാറു ലക്ഷത്തി ഇരുപത്തിയോരായിരത്തി ഇരുനൂറ്റമ്പത് രൂപ) വരവും, **47,86,08,750** (നാൽപ്പത്തി ഏഴു കോടി എൺപ്പത്തി ആറു ലക്ഷത്തി എണ്ണായിരത്തി എഴുനൂറ്റമ്പത് രൂപ) ചെലവും, **30,12,500** ലക്ഷം(മുപ്പതു ലക്ഷത്തി പന്തീരായിരത്തി അഞ്ഞൂറ് രൂപ) മിച്ചവും പ്രതീക്ഷിക്കുന്ന വാർഷിക ജൻഡർ ബഡ്ജറ്റ് പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

<u>അഭയം - പാർപ്പിട പദ്ധതി</u>

ഭവന രഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സംസ്ഥാന സർക്കാർ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആവിഷ്കരിച്ച പദ്ധതിയാണ് ലൈഫ്. കേവലം ഭവനം എന്ന കാഴ്ചപ്പാടിനപ്പുറം ജീവനോപാധികൾ കൂടി മെച്ചപ്പെടുത്തിക്കൊണ്ടുള്ള സാമൂഹിക പങ്കാളിത്തം എന്ന ആശയമാണ് ഈ ഭവന പദ്ധതി മുന്നോട്ട് വച്ചത്. സംസ്ഥാനമൊട്ടാകെ കഴിഞ്ഞ അഞ്ച് വർഷമായി 2.75 ലക്ഷം വീടുകൾ പദ്ധതിയുടെ ഭാഗമായി പൂർത്തീക്കുവാൻ സാധിച്ചപ്പോൾ, അതിൽ അണിചേരുവാൻ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിനും സാധിച്ചിട്ടുള്ളത് അഭിമാനകരമാണ്. ലൈഫ് 2020 എന്ന പേരിൽ മൂന്നാം ഘട്ടമായി ഭൂരഹിത ഭവനരഹിതരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമ്പൂർണ്ണ പാർപ്പിട ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ലക്ഷ്യം വയ്ക്കുന്നത്.

ആവാസ് സോഫ്റ്റ് മുഖാന്തിരം കണ്ടെത്തിയ 1950 ഗുണഭോക്താക്കൾക്ക് പി.എം.എ.വൈ(ഗ്രാമീൺ) പദ്ധതി പ്രകാരം വീട് അനുവദിക്കേണ്ടതുണ്ട്. ഇത്തവണത്തെ പദ്ധതി വിഹിതത്തിന്റെ 30 ശതമാനം വരെ തുക എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തിന് പരമപ്രധാനമായ പ്രാധാന്യം നൽകിക്കൊണ്ട് നീക്കിവക്കുന്നു.

## ആരോഗ്യം

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള 2 സി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്നതിനും, കാഷ്വാലിറ്റി സൗകര്യം ഉൾപ്പെടെ സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ളത്. മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആശുപത്രികൾക്ക് എൻ.ക്യൂ.എ.എസ്/എൻ.എ.ബി.എച്ച് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പദ്ധതികൾക്കും ഉള്ള വകയിരുത്തൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജന്തു-ജന്യ രോഗങ്ങൾ തടയുന്നതു കൂടി ലക്ഷ്യം വച്ചുകൊണ്ടും, ആന്റിബയോട്ടിക്കുകളുടെ നിയന്ത്രിത ഉപയോഗം ലക്ഷ്യം വച്ചുകൊണ്ടും സംസ്ഥാന സർക്കാർ പൈലറ്റ് അടിസ്ഥാനത്തിൽ ഇടുക്കി ജില്ല ഉൾപ്പെടെ 4 ജില്ലകളിൽ നടപ്പാക്കുന്ന "ഏകാരോഗ്യം" പദ്ധതിക്കും പ്രതീക്ഷിത വകയിരുത്തൽ ബഡ്ജറ്റിൽ ഉണ്ടായിട്ടുണ്ട്. ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ട് 2 സി.എച്ച്.സി കളിലും ഈവനിംഗ് ഒ.പി സൗകര്യം ഉണ്ടാക്കുന്നതിന് 30 ലക്ഷം രൂപ ഈ വകയിരുത്തിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റായി ബ്ലോക്ക് പരിധിയിലെ സി.എച്ച്.സികൾ, പി.എച്ച്.സികൾ എന്നിവയുടെ വികസനത്തിനായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഈ വർഷം മുതൽ അനുവദിക്കുന്ന ഒരു കോടി രൂപയുടെ വരവും ഉൾപ്പെടുത്തിയിരിക്കുന്നു.

## ക്ഷീരസമൃദ്ധി

കാർഷിക മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധികൾ നേരിടുമ്പോൾ പിടിച്ചു നിൽക്കാൻ ഒരളവു വരെ കർഷകരെ സഹായിച്ചു കൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ക്ഷീരമേഖല. ക്ഷീരകർഷകരോളം കഠിനാദ്ധ്വാനവും കഷ്ടപ്പാടുകളും അനുഭവിക്കുന്ന മറ്റൊരു വിഭാഗവുമില്ല. എന്നാൽ അതിനനുസരണമായ ഒരു പ്രതിഫലം ഇതിലൂടെ ലഭിക്കുന്നുമില്ല. ഇതു തിരിച്ചറിഞ്ഞ് 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് തുടങ്ങി വച്ചതും മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാതൃകയായി മാറിയതുമായ ഒരു പദ്ധതിയാണ് ക്ഷീരസമൃദ്ധി. ബ്ലോക്ക് പഞ്ചായത്ത് ഈ വർഷവും ഈ പദ്ധതി തുടരുകയാണ്. പദ്ധതി വിഹിതത്തിനാനുപാതികമായി ക്ഷീര കർഷകർക്ക് പാൽ സബ്സിഡിയ്ക്കായി ഈ വർഷവും തുക വകയിരുത്തുന്നു.

14-ാം പഞ്ചവത്സര പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചതിനു ശേഷം ഈ മേഖലയിൽ ആധുനിക മൃഗ ചികിത്സയ്ക്കുള്ള നൂതന പദ്ധതികളും, മുഴുവൻ സമയ ചികിത്സാ സൗകര്യങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

## ഹരിതസമൃദ്ധി

കാലാവസ്ഥാ വ്യതിയാനം, പ്രളയം, വരൾച്ച തുടങ്ങിയ പ്രകൃതി ദുരന്തങ്ങളും, രാസവളങ്ങളുടെയും കീടനാശിനികളുടെയും അശാസ്ത്രീയമായ അമിത ഉപയോഗവും കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള ദോഷഫലങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികൾക്കാണ് കാർഷികമേഖലയിൽ ഊന്നൽ നൽകുന്നത്. സുസ്ഥിര പ്രകൃതി വിഭവ പരിപാലനത്തിൽക്കൂടി മാത്രമേ ഇനി നമുക്ക് മുന്നേറാനാകൂ എന്ന തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ സമ്പൂർണ്ണ നീർത്തടാധിഷ്ഠിത വികസനം എന്ന ലക്ഷ്യമാണ് ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ടു വയ്ക്കുന്നത്. കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സംയോജനത്തോടെയും, ജനപങ്കാളിത്തത്തോടെയും പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, രാസപദാർത്ഥങ്ങളുടെ ശാസ്ത്രീയമായ ഉപയോഗത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ മണ്ണ് സംരക്ഷണവകുപ്പ്, കൃഷിവകുപ്പ് എന്നിവരുമായി ചേർന്ന് നടപ്പാക്കും. എസ്റ്റേറ്റ് മേഖലകളിൽ ഫലവൃക്ഷ കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും, കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി വ്യാപനത്തിനും പ്രത്യേക പദ്ധതികളും നടപ്പാക്കും.

## വിദ്യാഭ്യാസം, കല, കായികം, സംസ്കാരം

വിദ്യയുണ്ടായാൽ മറ്റെല്ലാ വികസനവും അതോടൊപ്പം തന്നെ വന്നു ചേരും എന്ന കാഴ്ചപ്പാടാണുള്ളത്. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരമ പ്രധാനമായ പ്രാധാന്യം നൽകി അവരെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുവാൻ എല്ലാ പരിഷ്കൃത സമൂഹങ്ങൾക്കും ബാധ്യതയുണ്ട്. ഇതു മനസ്സിലാക്കി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്കായി 40 ലക്ഷം രൂപ ഈ വർഷവും വകയിരുത്തിയിട്ടുണ്ട്. *പഠനാ ലിഖനാ അഭിയാൻ* പദ്ധതിയുമായി സഹകരിച്ച് സമ്പൂർണ്ണ സാക്ഷരതയും ലക്ഷ്യം വയ്ക്കുന്നു.

കല - കായിക പ്രതിഭകൾക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് സ്പോർട്സ് ആർട്സ് കിറ്റുകൾ നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് പ്ലേ ഗ്രൗണ്ടുകൾ, കല - കായിക പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികളും ഏറ്റെടുക്കുന്നതാണ്. വജ്രജൂബിലി ഫെലോഷിപ്പ്, സൗജന്യ കലാപരിശീലനത്തിനുള്ള പദ്ധതി ഈ വർഷവും തുടരും. കലാ-കായിക പ്രതിഭകൾക്ക് അവസരം ഒരുക്കുന്നതിന് കേരളോത്സവം സമുചിതമായി സംഘടിപ്പിക്കും.

മികച്ച യുവസാഹിത്യകാരനുള്ള കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ ശ്രീ. മോബിൻ മോഹനൻ, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് സ്വദേശിയാണെന്നത് അഭിമാനകരമാണ്. ലൈബ്രറികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സാഹിത്യ മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനുള്ള പദ്ധതിയും ഈ വർഷം ഏറ്റെടുക്കും.

**പശ്ചാത്തല വികസനം**

ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളായ അസിസ്റ്റന്റ് കൃഷി ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശിശു വികസന പദ്ധതി ഓഫീസർ എന്നിവർക്ക് ഈ വർഷം തന്നെ ബ്ലോക്ക് പഞ്ചായത്തിനോട് ചേർന്ന് ഓഫീസ് സൗകര്യം ഒരുക്കും. ഭവന പദ്ധതികളും, ക്ഷേമ പദ്ധതികളും നടപ്പിലാക്കുന്ന സാഹചര്യത്തിൽ ധന പരിമിതി ഉണ്ടാകുമെങ്കിലും ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പരമാവധി വകയിരുത്തലിന് ശ്രമിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾക്കായി ഒന്നര കോടിയുടെ വകയിരുത്തലും, ജലസേചന പദ്ധതികൾക്കായി 50 ലക്ഷം രൂപയും വകയിരുത്തലുണ്ട്.

**ജെൻഡർ കാഴ്ചപ്പാടോടെ തയ്യാറാക്കുന്ന പ്രത്യേക പദ്ധതികൾ**

**ക്ഷേമം**

ഭിന്നശേഷിക്കാർ വയോജനങ്ങൾ എന്നിവർക്ക് ചലനശ്രവണ ഉപകരണങ്ങൾ നൽകുന്നതിനായി 2021-22 വർഷം ആരംഭിച്ച കരുതൽ പദ്ധതി ഈ വർഷവും തുടരും. 2021-22 വർഷം മെഡിക്കൽ ക്യാമ്പിലൂടെ കണ്ടെത്തിയ 265 ഗുണഭോക്താക്കൾക്ക് കൂടി ഈവർഷം തന്നെ ചലന ശ്രവണ സഹായികൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തീകരിക്കും. ഇതിനായി എൻ.ജി.ഓകൾ സന്നദ്ധ സംഘടനകൾ സുമനസുകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കി പദ്ധതി നടപ്പാക്കും. 50 ലക്ഷം രൂപ പദ്ധതിയുടെ ഈവർഷത്തെ

പ്രതീക്ഷിത ചെലവായി കണക്കാക്കുന്നു. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പിനായി 15 ലക്ഷം രൂപയും വകയിരുത്തുന്നു.

**സമഗ്ര കോളനി വികസനം**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിൽ സമഗ്ര കാഴ്ചപ്പാട് ലക്ഷ്യം വച്ചുകൊണ്ട് ത്രിതലപഞ്ചായത്തുകൾ, കേന്ദ്ര സംസ്ഥാന പദ്ധതികൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഒരു ബ്രിഹത് പദ്ധതി രൂപീകരിക്കുന്നതിനാണ് ലക്ഷ്യം വക്കുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗം പരമാവധി കുറക്കുന്നതിനും, കുട്ടികളിൽ മൊബൈൽ ഫോണുകളുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, ആത്മഹത്യാപ്രവണത തുടങ്ങിയ വിപത്തുകൾ തടയുന്നതിനുമുള്ള ബോധവത്കരണപ്രവർത്തനങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി വിപുലമായി നടപ്പാക്കും. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി അടിസ്ഥാന സൗകര്യ വികസനം തൊഴിൽ ലഭ്യത ഉൾപ്പെടെ വികസനപദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേക വകയിരുത്തൽ ഉണ്ടായിട്ടുണ്ട്.

**ജെൻഡർ റിസോഴ്സ് സെന്റർ**

സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ മാനസീകാരോഗ്യം പരമപ്രധാനമായിക്കണ്ട് കൗൺസിലിംഗ് സെന്റർ, നിയമ അവബോധത്തിന് അവസരം എന്നിവ ഉറപ്പാക്കിക്കൊണ്ട് ജെൻഡർ റിസോഴ്സ് സെന്റർ ആരംഭിക്കുന്നതിനും, കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി നടപ്പാക്കും.

**വനിതകൾക്ക് സ്ഥിരം പരിശീലന കേന്ദ്രം**

നൈപുണ്യ വികസനത്തിനും, പ്രാദേശിക തൊഴിലവസര സൃഷ്ടിക്കും പ്രത്യേക ഊന്നൽ നൽകി ബ്ലോക്ക് പഞ്ചായത്തിനോട് ചേർന്ന് വനിതകൾക്കുള്ള സ്ഥിരം പരിശീലന കേന്ദ്രം ഈ വർഷം തന്നെ യാഥാർത്ഥ്യമാകും.

**ബ്ലോക്ക് പഞ്ചായത്തും എല്ലാ ഘടകസ്ഥാപനങ്ങളും സത്രീ സൗഹൃദം**

ബ്ലോക്ക് പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഈ വർഷം നടപ്പാക്കും. നാപ്കിൻ വെൻഡിംഗ് യൂണിറ്റ്, ഇൻസിനറേറ്റർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടു

കൂടിയ ശുചി മുറികൾ എല്ലാ സ്ഥാപനങ്ങളിലും നിർമ്മിക്കും. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഇതിലേക്ക് 33 ലക്ഷം രൂപ വകയിരുത്തി.

**സ്മാർട്ട് അംഗൻവാടികൾ**

ബ്ലോക്ക് പരിധിയിലെ തെരഞ്ഞെടുത്ത അംഗൻവാടിയിലെ ഉപകരണങ്ങൾ ശിശു കേന്ദ്രീകൃതമായി പരിഷ്കരിച്ചും ആകർഷകമാക്കിയും സ്മാർട്ട് അംഗൻവാടി പദ്ധതി നടപ്പാക്കുന്നു. അംഗൻവാടി പരിസരത്ത് ഔട്ട് ഡോർ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രത്യേക കളിസ്ഥലം ഒരുക്കുന്നതും പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

**ഉപസംഹാരം**

പുതിയ ഭരണ സമിതി അധികാരമേറ്റ ശേഷം രണ്ടാമത് ബഡ്ജറ്റാണ് ജൻഡർ ബഡ്ജറ്റായി ഇവിടെ അവതരിപ്പിക്കുന്നത്. കോവിഡ് - 19 അതിവ്യാപന സാഹചര്യത്തിലും, ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റിനോട് നീതി പുലർത്തിക്കൊണ്ട് പദ്ധതി നിർവ്വഹണത്തിൽ 100% നേട്ടം കൈവരിക്കുന്നതിന് 2021-22 വർഷം സാധിച്ചു എന്നത് നേട്ടമായി കാണുന്നു. കേന്ദ്രാവിഷ്കൃതപദ്ധതിയായ പി.എം.കെ.എസ്സ്.വൈ യുടെ സമയബന്ധിത പൂർത്തീകരണമാണ് മറ്റൊരു നേട്ടമായി എടുത്തു പറയാനുള്ളത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഉപ്പുതറ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തുകളിൽ നീർത്തട വികസനത്തിനായി 4.5 കോടി രൂപ ചെലവഴിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചു എന്നതിൽ അഭിമാനിക്കുന്നു. ഭരണ പ്രതിപക്ഷ ഭേദമില്ലാതെ ജനപ്രതിനിധികളും ആസൂത്രണ സമിതി അംഗങ്ങളും, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായ പ്രവർത്തനം കാഴ്ചവെച്ചതാണ് നേട്ടങ്ങൾക്ക് കാരണമായത്. അഴിമത രഹിത സദ്ഭരണം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടരുന്നതിന് ഭരണ സമിതി പ്രതിജ്ഞാബദ്ധമായിരിക്കും.

സ്നേഹിതരേ,

ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച് പരിമിതമായ വിഭവങ്ങളുടെ സസൂഷ്മവും നീതി പൂർവവ്വുമായി വിതരണം സാധ്യമാക്കുക എന്നതാണ് പരമ പ്രധാനം. പദ്ധതികളുടെ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും, കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണം ലക്ഷ്യമായി കണ്ടുമുള്ള വികസന പരിപ്രേക്ഷ്യമാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

പാർശ്വവത്കൃത വിഭാഗത്തിന് പ്രത്യേക പ്രാധാന്യം നൽകി ജൻഡർ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ജില്ലയിലെ ഏക ബ്ലോക്ക് പഞ്ചായത്താകാൻ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു എന്നത് ഏറെ അഭിമാനകരമാണ്.

2022-23 വർഷത്തേയ്ക്കുള്ള ജൻഡർ ബഡ്ജറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചു കൊള്ളുന്നു.

(ഒപ്പ്)

കട്ടപ്പന

21.03.2022

അന്നമ്മ ജോൺസൺ

വൈസ് പ്രസിഡന്റ് &

ചെയർമാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

# നയം

സ്നേഹിതരേ,

ജനകീയാസൂത്രണ പ്രസ്ഥാനം പടർന്നു പന്തലിച്ച് രജത ജൂബിലി വർഷത്തിലെത്തി നിൽക്കുന്ന ആഘോഷ വേളയിൽ, കിലയുടെ പിന്തുണയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പാർശ്വവത്കൃത വിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കിയും ലിംഗപദവി നേട്ടം സ്വായത്തമാക്കുന്നതിനും "ജൻഡർ അധിഷ്ഠിത വികസനം" എന്നതാണ് കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രഖ്യാപിത നയമായി സ്വീകരിച്ചിട്ടുള്ളത്. സ്ത്രീകൾ, കുട്ടികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നശേഷിക്കാർ എന്നിവരെയെല്ലാം പരിഗണിച്ചു കൊണ്ട് വിപുലമായ കർമ്മ പരിപാടികൾ ഇതിനായി ആവിഷ്കരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ അവതരിപ്പിക്കപ്പെടുന്ന ആദ്യ ബഡ്ജറ്റിൽ വിഭവങ്ങളുടെ നീതിപൂർവ്വമായ വിതരണം സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് പ്രതിഫലിപ്പിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ഇത്തരത്തിൽ, പുരോഗമനപരമായ ഒരാശയത്തിലേക്ക് എത്തിച്ചേരുന്നതിന് ആവശ്യമായ മുഴുവൻ പിന്തുണയും പരിശീലനവും നൽകിയ കിലയോടും പ്രത്യേകിച്ച് റിസോഴ്സ് പേഴ്സൺമാരായി മുഴുവൻ സമയ സേവനം നൽകിയ ശ്രീമതി. നൈസി ബെന്നി, ശ്രീമതി. ഷീബാ കെ എന്നിവരോടും കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു.

*"വലിയ സ്നേഹത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങൾ*
*പോലും വലിയ സന്തോഷവും സമാധാനവും നൽകും"*
– മദർ തെരേസ

പ്രസിഡന്റ്
ബ്ലോക്ക് പഞ്ചായത്ത്, കട്ടപ്പന

# ബജറ്റ് 2022-23

## വിഭവ സമാഹരണം 2022-23

പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ സംസ്ഥാന സർക്കാരുകളിൽനിന്നും ബജറ്റ് വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന തുകയുടെ വിവരങ്ങൾ

### നോൺ പ്ലാൻ വരവുകൾ

| | | |
|---|---|---|
| 1. | ജനറൽ പർപ്പസ് ഗ്രാന്റ് (മുൻബാക്കി ഉൾപ്പെടെ) | 10014194 |
| 2. | ടെണ്ടർ ഫോറം വിൽപ്പന | 1000000 |
| 3. | വാടക | 590000 |
| 4. | ബാങ്ക് പലിശ വരവ് | 500000 |
| 5. | ഗുണഭോക്തൃ വിഹിതം | 397806 |
| 6. | സെക്യൂരിറ്റി നിക്ഷേപങ്ങൾ | 300000 |
| 7. | മറ്റ് ലേല വിറ്റ് വരവുകൾ | 200000 |
| 8 | ക്യൂബ് ടെസ്റ്റ് ഫീസ് | 250000 |
| 9 | സന്നദ്ധസംഘടന-സംഭാവന | 5000000 |
| | നോൺ പ്ലാൻ ആകെ | 18252000 |

| പ്ലാൻ വരവുകൾ | | |
|---|---|---|
| 1. | പദ്ധതി വിഹിതം : -<br>ജനറൽ – | 26343000 |
| 2. | എസ്. സി. പി – | 12753000 |
| 3. | റ്റി. എസ്. പി – | 3360000 |
| 4. | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | Tide | 6371000 |
| | Un tide | 4247000 |
| | ആകെ | 53074000 |
| 5. | മെയിന്റനൻസ് ഗ്രാന്റ് | 13240250 |

| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | |
|---|---|---|
| 1. | സമ്പൂർണ്ണ ശുചിത്വ പദ്ധതി /സ്വച്ഛ്ഭാരത് മിഷൻ | 2150000 |
| 2. | ഹോർട്ടി കൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്) | 1,00,00,000 |
| 3. | സാക്ഷരതമിഷൻ | 55000 |
| 4. | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നുമുള്ള ധനസഹായം | 11000000 |
| 5 | കേരളോത്സവം - യുവജനബോർഡ് | 100000 |
| 6 | കേന്ദ്ര - സംസ്ഥാന പദ്ധതികളുടെ പരിശീലന പരിപാടികൾ | 150000 |
| | | 23455000 |

| | | |
|---|---|---|
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആകെ | | |
| 1. | എം. ജി. എൻ. ആർ. ഇ. ജി. എസ് | 300000000 |
| 2. | പി. എം. എ. വൈ കേന്ദ്രവിഹിതം | 18000000 |
| 3. | നബാർഡ് ആർ. ഐ. ഡി. എഫ് | 10000000 |
| 4. | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 15000000 |
| 5. | പി. എം. കെ. എസ്. വൈ പദ്ധതികൾ | 2000000 |
| 6 | ഹെൽത്ത് ഗ്രാന്റ് | 10000000 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | 355000000 |
| മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | | |
| 1. | പി. എം. എ. വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 7750000 |
| 2. | പി. എം. എ. വൈ ജില്ലാപഞ്ചായത്ത് വിഹിതം | 10850000 |
| മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആകെ | | 18600000 |
| ആകെ മൊത്തം | | 481621250/- |

(ആകെ - നാൽപ്പത്തിയെട്ട് കോടിപതിനാറ് ലക്ഷത്തി ഇരുപത്തോരായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ)

# കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് - 2022-23

### വരവുകൾ

| വരവിനം | 2020-21വർഷത്തെ യഥാർത്ഥ വരവുകള് | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2021-22 | 2022-23 വർഷത്തെ ബജറ്റ് |
|---|---|---|---|
| **തനത് റവന്യൂ** | | | |
| റവന്യൂ നികുതികൾ | ഇല്ല | ഇല്ല | ഇല്ല |
| **ആകെ റവന്യൂ നികുതികൾ** | | **ഇല്ല** | **ഇല്ല** |
| **നികുതിയിതര റവന്യൂ** | | | |
| **ജനറൽ പർപ്പസ് ഫണ്ട്** | | | |
| ജനറൽ പർപ്പസ് ഫണ്ട് (തൻവർഷം ലഭിച്ചത്) | 5032000 | 5634000 | 6312000 |
| ജനറൽ പർപ്പസ് ഫണ്ട് (മുൻ ബാക്കി) | 1247176 | 773475 | 3702194 |
| **ജനറൽ പർപ്പസ് ഫണ്ട്** | 0 | 0 | **10014194** |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക/സെക്യൂരിറ്റി | 98495 | 232280 | 590000 |
| ടെണ്ടർ ഫാറങ്ങൾ വിൽപ്പന | 488500 | 2172 | 1000000 |
| മറ്റ് ലേല/വിറ്റ് വരവുകൾ/അഡ്വാൻസ് തിരികെ(MGNREGA)/മറ്റു വരവുകൾ | 1600598 | 610022 | 200000 |
| സെക്യൂരിറ്റി -ഇ. എം. ഡി | 54000 | 50000 | 300000 |
| ഗുണഭോക്തൃ വിഹിതം | 211310 | 0 | 397806 |
| ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ് | 15320 | | 500000 |
| കോൺക്രീറ്റ് ക്യൂബ് ടെസ്റ്റ് ഫീ | 0 | 260000 | 250000 |
| സന്നദ്ധ സംഘടന/ഓർഗനൈസേഷൻ-സംഭാവന | | | 5000000 |
| **ആകെ നികുതിയിതര റവന്യൂ** | | **0** | **8237806** |
| **ആകെ ജനറൽ പർപ്പസ് ഫണ്ട്** | **8747399** | **7561949** | **18252000** |
| **വികസന ഫണ്ട്** | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 8712427 | 6151000 | 6371000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 1254520 | 4145041 | 4247000 |
| ഡവലപ്മെന്റ് ഫണ്ട് ജനറൽ | 49096276 | 20578344 | 26343000 |
| ഡവലപ്മെന്റ് ഫണ്ട് എസ്.സി.പി | 11436482 | 10376261 | 12753000 |
| ഡവലപ്മെന്റ് ഫണ്ട് റ്റി.എസ്.പി | 4058000 | 3051641 | 3360000 |
| **ആകെ** | 74557705 | **44302287** | **53074000** |
| **സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ** | | | |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 81928167 | 6684845 | 13240250 |
| ശുചിത്വമിഷൻ | 18250 | 0 | 2150000 |
| കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ | 0 | 0 | 150000 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡിൽനിന്നുള്ള വരവ് ) | 0 | 0 | 100000 |
| സാക്ഷരതമിഷൻ | 0 | | 55,000 |
| പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ധനസഹായം | 0 | 0 | 11000000 |
| ഹോർട്ടികൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്) | 0 | 0 | 10000000 |
| **ആകെ** | **81946417** | **6684845** | **36695250** |
| **കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ** | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 202800000 | 249100000 | 300000000 |
| പി.എം.എ.വൈ (കേന്ദ്രവിഹിതം)150 | 648000 | 5500000 | 18000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 0 | 15000000 |
| പി. എം. കെ. എസ് വൈ | 12004523 | 34571850 | 2000000 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 10735000 | 4261000 | 10000000 |
| ഹെൽത്ത് ഗ്രാന്റ് | 0 | 0 | 10000000 |
| **ആകെ** | **226187523** | **293432850** | **355000000** |
| **മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 10850000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 210000 | 3698334 | 7750000 |
| *ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ* | 210000 | 3698334 | 18600000 |
| **ആകെ വരവുകൾ** | **391649044** | **355680265** | **481621250** |

| ചെലവിനം | 2020-21 വർഷത്തെ യഥാർത്ഥ ചെലവുകള് | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2021-22) | 2022-23 വർഷത്തെ ബജറ്റ് |
|---|---|---|---|
| തനത് റവന്യൂവിൽ നിന്നുള്ള നിർബ്ബന്ധിത ചെലവുകൾ | | | |
| എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | | |
| ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം | 2490466 | 730390 | 600000 |
| സ്ഥിരം ജീവനക്കാരുടെ യാത്രാപ്പടി | 0 | 58000 | 25,000 |
| ദിവസ വേതനക്കാർക്കുള്ള യാത്രാപടി | 8280 | 117700 | 30,000 |
| ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത | 0 | 3420 | 15,000 |
| സെക്രട്ടറിയുടെ ടെലിഫോൺ അലവൻസ് | 2673 | 2418 | 6,000 |
| പ്രസിഡന്റിന്റെ ഹോണറെറിയം | 150853 | 249100 | 200000 |
| പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 1673 | 1357 | 6,000 |
| വൈസ് പ്രസിഡന്റിന്റെഹോണറെറിയം | 124380 | 204000 | 180000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ ഹോണറെറിയം | 273546 | 153400 | 450000 |
| മെമ്പർമാരുടെ ഹോണറെറിയം | 733922 | 325600 | 875000 |
| വൈസ് പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 0 | 0 | 2500 |
| പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 15250 | 9250 | 17500 |
| വൈസ് പ്രസിഡന്റിന്റെ സിറ്റിംഗ് അലവൻസ് | 13250 | 10000 | 17500 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ സിറ്റിംഗ് അലവൻസ് | 79270 | 30250 | 50000 |
| മെമ്പർമാരുടെ സിറ്റിംഗ് അലവൻസ് | 79200 | 25791 | 100000 |
| പ്രസിഡന്റിന്റെ യാത്രപ്പടി | 31340 | 15000 | 100000 |
| വൈസ് പ്രസിഡന്റിന്റെ യാത്രപ്പടി | 10240 | 15000 | 50000 |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ യാത്രപ്പടി | 22160 | 20000 | 100000 |
| മെമ്പർമാരുടെ യാത്രപ്പടി | 156950 | 50000 | 300000 |
| ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 4193453 | 2020676 | 3124500 |
| ഭരണപരമായ ചെലവുകൾ | | | |
| കെട്ടിടനികുതി | 0 | 0 | 0 |
| ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് | 20433 | 46101 | 200,000 |
| ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചിലവുകൾ | 15231 | 0 | 25000 |
| ഘടക സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജ് | 0 | 0 | 0 |
| മറ്റ് ഓഫീസ് ചിലവുകൾ | 1267496 | 43219 | 754388 |
| ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ് | 211882 | 47000 | 100000 |

| | | | |
|---|---|---|---|
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ ചാർജ്ജ് | 0 | 0 | 20000 |
| പ്രസിദ്ധീകരണങ്ങൾ , ദിനപത്രങ്ങൾ , പുസ്തകങ്ങൾ | 4100 | 15282 | 25000 |
| പ്രിന്റിങ് ചിലവുകൾ | 0 | 25000 | 50000 |
| സ്റ്റേഷനറി ചിലവുകൾ | 27552 | 15000 | 50000 |
| കേരളോത്സവം | 0 | 0 | 100000 |
| ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക | 25408 | 48303 | 50000 |
| ഓഡിറ്റ് ഫീസ് | 0 | 0 | 0 |
| പത്ര പരസ്യം | 0 | 0 | 52806 |
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിലേക്കുള്ള സംഭാവന | 0 | 1000000 | 0 |
| മറ്റ് ഭരണപരമായ ചെലവുകൾ | 817008 | 43438 | 600000 |
| ഐ.എസ്.ഓ സർട്ടിഫിക്കേഷൻ /സ്ഥാപനങ്ങൾക്ക് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 0 | 15000 | 250000 |
| പ്രസിഡൻടിന്റെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവ് | 226318 | 100000 | 250000 |
| ഓഫീസ് വാഹനത്തിന്റെ ഇന്ധന ചെലവ് | 68246 | 108814 | 200000 |
| ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്ക് എടുത്തതിന്റെ ചിലവ് | 62141 | 100000 | 75000 |
| വാഹനങ്ങളുടെ റിപ്പയർ, മെയ്ന്റനൻസ് ചെലവുകൾ | 294416 | 125000 | 300000 |
| തേയ്മാന നഷ്ടം | 0 | 0 | 25000 |
| ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ് | 101250 | 100207 | 200000 |
| **ആകെ ഭരണപരമായ ചെലവുകൾ** | **3141481** | **1832364** | **3327194** |
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ | | | |
| പദ്ധതി ചെലവുകൾ | 427680 | 0 | 7850000 |
| ഗുണഭോക്തൃവിഹിതം | 211310 | 0 | 397806 |
| സെക്യൂരിറ്റി/ഇ. എഫ്. ഡി | 0 | 6715 | 540000 |
| ആകെ | 638990 | 6715 | 8787806 |
| **ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ** | **7973924** | **3859755** | **15239500** |
| വികസന ഫണ്ട് | | | |
| വികസന ഫണ്ട് (ജനറൽ) | | | |
| ഉത്പാദന മേഖല പദ്ധതികൾ | 15187063 | 5290000 | 7902900 |
| സേവന മേഖല പദ്ധതികൾ | 20452682 | 13111957 | 10537200 |
| പശ്ചാത്തല മേഖല പദ്ധതികൾ | 13456531 | 2176387 | 7902900 |
| വികസന ഫണ്ട് (പട്ടികജാതി വിഭാഗം) | | | 26343000 |
| ഉത്പാദന മേഖല പദ്ധതികൾ | 0 | 0 | 3825900 |
| സേവന മേഖല പദ്ധതികൾ | 6614003 | 8046886 | 5101200 |
| പശ്ചാത്തല മേഖല പദ്ധതികൾ | 4822479 | 2329375 | 3825900 |
| വികസന ഫണ്ട് (പട്ടികവർഗ്ഗ വിഭാഗം) | | | 12753000 |
| ഉത്പാദന മേഖല പദ്ധതികൾ | 0 | 0 | 0 |

| | | | |
|---|---|---|---|
| സേവന മേഖല പദ്ധതികൾ | 2558903 | 1872159 | 2352000 |
| പശ്ചാത്തല മേഖല പദ്ധതികൾ | 1499097 | 1179482 | 1008000 |
| ആകെ | | | 3360000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 2945132 | 457486 | 6371000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Un Tied) | 1253291 | 3389307 | 4247000 |
| **ആകെ** | **68789181** | **37853039** | **53074000** |
| സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ | | | |
| മെയ്ന്റനൻസ് - റോഡിതര ആസ്തികൾ | 81928167 | 6684845 | 13240250 |
| ശുചിത്വമിഷൻ | 18250 | 0 | 2150000 |
| കേന്ദ്ര - സംസ്ഥാന പരിശീലന പരിപാടികൾ | 0 | 0 | 150000 |
| കേരളോത്സവം (യുവജന ക്ഷേമ ബോർഡില് നിന്നുള്ള വിഹിതം ) | 0 | 0 | 100000 |
| സാക്ഷരതമിഷൻ | 0 | 0 | 55000 |
| പട്ടികജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം | 0 | 0 | 11000000 |
| ഹോർട്ടികൾച്ചർ മിഷൻ(ഇടുക്കി പാക്കേജ്) | 0 | 0 | 10000000 |
| **ആകെ** | **81946417** | **6684845** | **36695250** |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | 202800000 | 249100000 | 300000000 |
| പി.എം.എ.വൈ (കേന്ദ്രവിഹിതം) | 648000 | 5500000 | 18000000 |
| രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 0 | 0 | 15000000 |
| നബാർഡ് - ആർ. ഐ. ഡി. എഫ് | 10735000 | 4261000 | 10000000 |
| പി. എം. കെ. എസ്. വൈ | 5640252 | 27037979 | 2000000 |
| ഹെൽത്ത് ഗ്രാന്റ് | | | 10000000 |
| **ആകെ** | **219823252** | **285898979** | **355000000** |
| മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | | | |
| പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 0 | 10850000 |
| പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | 210000 | 2800000 | 7750000 |
| **ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | **210000** | **2800000** | **18600000** |
| ആകെ ചെലവുകൾ | 378742774 | [illegible] | 478608750 |
| നീക്കിയിരിപ്പ് | 12906270 | 18583647 | 3012500 |